കേരള സർക്കാർ

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

അലയമൺ ഗ്രാമപഞ്ചായത്ത്

2015-16 വർഷ ഓഡിറ്റ് റിപ്പോർട്ട്

ലോക്കൽ ഫണ്ട് ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ് എ-കെ എൽ എം പി4/309/2017 ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി.14-02-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അലയമൺ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അലയമൺ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 ,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം

215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ എസ് എ-കെ എൽ എം പി 4/309/2017 തിയ്യതി:14-02-2017

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ

2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2015-16.സാമ്പത്തിക വർഷത്തെ

ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 04-06-2016 മുതൽ 30-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.എം.ഗീത<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 06-01-17 മുതൽ 13-01-17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.വി.മണിലാൽ | ഓഡിറ്റ് ഓഫീസർ. |
| | | ശ്രീ.എസ്.ഗോപകുമാർ | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | | ശ്രീ.സി.ചന്ദ്രപ്രകാശ്<br>ശ്രീ.എസ്.ശരത് | സീനിയർ ഗ്രേഡ്ഓഡിറ്റർ<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.ജുമൈലത്ത് ഷാജഹാൻ | 01-04-2015 മുതൽ 31-10-2015 വരെ |

| | | | |
|---|---|---|---|
| | | ശ്രീ.ഹംസ | 12-11-2015 മുതൽ 31-03-2016വരെ |
| സെക്രട്ടറി | : | ശ്രീ.എം.രാജു | 01-04-15മുതൽ 31-03-15വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | എൻ.ദേവരാജൻ | 01-04-15മുതൽ 31-03-16വരെ |
| വെറ്ററിനറി സർജൻ | | ഡോ.സാടിയ വാഷിംഗ്ടൺ | 01-04-15മുതൽ 31-03-16വരെ |
| അസിസ്റ്റന്റ് എൻജിനീയർ | | ശ്രീ.അനീഷ് | 01-04-15മുതൽ 31-03-16വരെ |
| കൃഷി ഓഫീസർ | | ശ്രീ.ശ്രീകുമാർ(ചാർജ്ജ്) | 01-04-15മുതൽ 13-12-15വരെ |
| | | ശ്രീ.സത്യൻ | 14-12-15മുതൽ 3-03-16വരെ |
| വി.ഇ.ഒ(അലയമൺ) | | ശ്രീമതി.ജയാ മോൾ | 01-04-15മുതൽ 31-03-16വരെ |
| വി.ഇ.ഒ(ചണ്ണപ്പേട്ട) | | ശ്രീ.ജിജി ഗോപാൽ | 01-04-15മുതൽ 31-03-16വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | | അംബികാ കുമാരി | 01-04-15മുതൽ31-03-16 വരെ |
| ഹെഡ് മിസ്ട്രസ് | | ശ്രീമതി.എസ്.സബീല | 01-04-15മുതൽ 31-03-16വരെ |
| മെഡിക്കൽ ഓഫീസർ ,ആയുർവേദം | | ഹരീഷ് കുമാർ | 01-04-15മുതൽ 31-03-16വരെ |
| മെഡിക്കൽ ഓഫീസർ , ഹോമിയോ | | ശ്രീരേഖ | 01-04-15മുതൽ08-05-15വരെ |
| | | അഞ്ജന എസ്. പിള്ള | 09-05-2015മുതൽ 03-01-16വരെ |
| | | ശ്രീരേഖ | 04-01-16മുതൽ31-03-16വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | | ഡോ.അരുൺ ജൂലി അൽഫോൺസ് | 01-04-15 മുതൽ 03-01-6വരെ |
| | | ഡോ.രാധാകൃഷ്ണ പിള്ള | 04-01-16മുതൽ 06-01-16വരെ |
| | | ഡോ.അരുൺ ജൂലി | 03-01-16 മുതൽ 31-03-16 |

| | | |
|---|---|---|
| | അൽഫോൺസ് | വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനതുവരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം – 2 | | |
| 12 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിനു സെക്രട്ടറി നമ്പരിട്ടു നൽകി | 2-1 | |
| 13 | അനധികൃത നിർമ്മാണങ്ങളിൽ നിന്നും കെട്ടിട നികുതി ഈടാക്കിയില്ല. 26709/-രൂപയുടെ നഷ്ടം | 2-2 | |
| 14 | ലേല നിബന്ധനകൾ പാലിക്കുന്നില്ല - പഞ്ചായത്തിന് നഷ്ടം | 2-3 | |
| 15 | പഞ്ചായത്തിന്റെ അനുമതിയില്ലാതെ | 2-4 | |

| | | | |
|---|---|---|---|
| | അനധികൃതമായി കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ള തീയേറ്ററിനു സെക്രട്ടറി ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നു. | | |
| | ഭാഗം - 3 | | |
| 16 | തെരുവുവിളക്കു മെയിന്റനൻസ്- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ– ചെലവ് തടസ്സപ്പെടുത്തുന്നു. | 3-1 | |
| 17 | കരുകോൺ പി.എച്ച്.സി.മെയിന്റനൻസ് -വാൾ ടൈലിംഗ് നടത്തിയത് പൊളിഞ്ഞു വീണു - 19,105/-രൂപയുടെ നഷ്ടം | 3-2 | |
| 18 | ആയുർവേദ ആശുപത്രി മെയിന്റനൻസ് -അറ്റകുറ്റപ്പണി നടത്തിയ ഭാഗം ഉപയോഗശൂന്യമായി കിടക്കുന്നു. | 3-3 | |
| 19 | പഞ്ചായത്തോഫീസിലെ കമ്പ്യൂട്ടറുകൾക്ക് എ.എം.സി. നൽകൽ– സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 3-4 | |
| 20 | കന്നുകുട്ടി പരിപാലന പദ്ധതി(വനിത)- -വിനിയോഗവിവരം ലഭ്യമാക്കിയില്ല.തുക തടസ്സപ്പെടുത്തുന്നു.612500/- | 3-5 | |
| 21 | മീഡിയാശ്രീ--ഡോക്യുമെന്ററി തയ്യാറാക്കിയില്ല-65000 /-രൂപാ തടസ്സപ്പെടുത്തുന്നു | 3-6 | |
| 22 | പഞ്ചായത്ത് വിഹിതം നൽകൽ– വിനിയോഗക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു. | 3-7 | |

| | | | |
|---|---|---|---|
| 23 | കാൻസർ ഹൃദ്രോഗ നിർണ്ണയ ക്യാമ്പ് - പദ്ധതി മാർഗ്ഗ രേഖകൾക്ക് വിരുദ്ധമായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. | 3-8 | |
| | ഭാഗം - 4 | | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 | |
| 27 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 29 | ഓഡിറ്റ് റിക്കവറി | 4-6 | |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 33 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 | |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 26-03-15 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-16 | 26-07-16 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 05-01-16 | കെ.എസ്.എ.കെ.എൽ.എം.പി.4/ 309/17 തീ.14-02-2017 |

വാർഷിക ധനകാര്യപത്രികയിലെ ന്യൂനതകൾ

1.ആസ്തികളുടെ മൂല്യം കണക്കാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

2.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റ് വരവ്, ഡെപ്പോസിറ്റ് തിരികെ നൽകൽ വർഷാവസാനമുള്ള ഡെപ്പോസിറ്റ് നീക്കി ബാക്കി എന്നിവയുൾപ്പെടുത്തി സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

3.സ്റ്റോക്കിൻെറ മൂല്യം ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

5.വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ വാർഡ് അടിസ്ഥാനത്തിലുള്ള തൻവർഷത്തിലെ നികുതി ഡിമാന്റ് വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

6.സംയോജിത പ്രോജക്ടുകൾക്ക് മറ്റ് തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി.മുഖേനയാണ്. ആയതിനാൽ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

7.മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് - പിരിച്ചെടുക്കാൻ ശേഷിക്കുന്ന തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

8.ഡി&ഒ, തൊഴിൽ നികുതി(ട്രേഡേഴ്സ്) എന്നിവയുടെ 2016-17 വർഷത്തേക്കുള്ള മുൻകൂർ തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23281496 |
| വരവ് | 33291653 |
| ആകെ | 56573149 |
| ചെലവ് | 46529232 |
| നീക്കിയിരിപ്പ് | 10043917 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2071812 | 9017319 | 11089131 | 11089131 | 0 |
| വികസനഫണ്ട് എസ്.സി.പി. | 2222664 | 2905115 | 5127779 | 5127779 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 209000 | 100500 | 309500 | 309500 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 538630 | 3446034 | 3984664 | 3984664 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1888108 | 1777171 | 3665279 | 3665279 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2593953 | 6900475 | 3505006 | 3505006 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3119389 | 75922 | 3043467 | 3043467 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 19071652 | 19071652 | 19069586 | 2066 |
| ബി ഫണ്ട് | 0 | 19901505 | 19901505 | 19901505 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | ശതമാനം |
| 191 | 51314886 | 108 | 35142681 | 42 | 41 | 56.5 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 168.3 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5903392 | 4318513 | (-)1584879 | 26.8 |
| നികുതിയേതര വരവുകൾ | 576836 | 903591 | 326755 | 156 |
| മറ്റുവരവുകൾ | 172798 | 5975349 | 5802551 | 3457.9 |
| ആകെ | 6653026 | 11197453 | 4544427 | 168.3 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 197040 | 139 |
| കർഷകതൊഴിലാളി പെൻഷൻ | 2839170 | 363 |
| വിധവാപെൻഷൻ | 8726240 | 933 |
| വാർദ്ധക്യകാലപെൻഷൻ | 5742600 | 856 |
| വികലാംഗപെൻഷൻ | 2142455 | 224 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-01-17 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 182066/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് ഉണ്ടാകേണ്ടതാണ്.രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി വരുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09-01-17 | 12/16 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02-05-12 | 2001-02 | 02-05-12 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിനു സെക്രട്ടറി നമ്പരിട്ടു നൽകി

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒന്നാം വാർഡിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ശ്രീ.ജിജു കെ.സാം, പ്ലാവിളയിൽ വീട്, അലയമൺ, എന്ന വ്യക്തിയുടെ പേരിലുള്ള വാണിജ്യ കെട്ടിടത്തിനു സെക്രട്ടറി കെട്ടിട നമ്പർ അനുവദിച്ചു നൽകിയിരിക്കുന്നു. അസസ്മെന്റ് രജിസ്റ്റർ പ്രകാരം 205-16 വർഷം അസസ് ചെയ്യപ്പെട്ടിട്ടുള്ള ഈ കെട്ടിടത്തിനു I/1002, I/1003 എന്നീ നമ്പരുകൾ നൽകിയിട്ടുണ്ട് 1.25 ആർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 165.9 m2 തറ വിസ്തീർണ്ണത്തിൽ നിർമ്മിച്ചിട്ടുള്ള മേൽ കെട്ടിടം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 64 പ്രകാരമുള്ള ചെറു പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്ക് വേണ്ടിയുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ലായെന്ന് ഓഡിറ്റ് ടീം നടത്തിയിട്ടുള്ള പ്രാദേശിക പരിശോധനയിൽ കണ്ടെത്തി.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പൂർത്തീകരിക്കപ്പെട്ടിട്ടുള്ള പ്ലാൻ പ്രകാരം കെട്ടിടത്തോടു ചേർന്നുള്ള വിശ്വഭാരതി റോഡിൽ നിന്നും 2 m തുറസ്സായ സ്ഥലം കാണിച്ചിട്ടുണ്ട്. എന്നാൽ പ്രാദേശിക പരിശോധനയിൽ 31.08 m2 വിസ്തീർണ്ണത്തിൽ ഈ സ്ഥലം കെട്ടി അടച്ചിട്ടുള്ളതായും നിലവിൽ തുറസ്സായ സ്ഥലം ഉൾപ്പെടുത്താതെ റോഡിനോടു ചേർന്ന് നിർമ്മാണം നടത്തിയിരിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്.

2. മറുഭാഗത്ത് സാംകുട്ടി എന്ന വ്യക്തിയുടെ പ്ലോട്ടിനോടു അതിർത്തി പങ്കിടുന്ന ഭാഗത്ത് ആവശ്യമായ തുറസ്സായ സ്ഥലം ഉൾപ്പെടുത്തിയിട്ടില്ല. ചട്ടം 64(3) പ്രകാരം ഏതെങ്കിലും ഒരു വശത്തിനു ചുരുങ്ങിയത് 0.90 മീറ്ററും മറുവശത്തിനു 0.60 മീറ്ററും തുറസ്സായ സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഈ ചട്ടങ്ങൾ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

3. ചെറുപ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 64(4) പ്രകാരം പിന്നാമ്പുറത്തിന് ചുരുങ്ങിയത് 0.50 മീറ്ററോട്ടു കൂടി ശരാശരി 1 മീറ്റർ വ്യാപ്തി ഉണ്ടാകേണ്ടതാണ്. എന്നാൽ 0.70 മീറ്റർ വ്യാപ്തി മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

4. പൂർത്തീകരിക്കപ്പെട്ട പ്ലാൻ പ്രകാരം സെല്ലാർ നില പാർക്കിംഗിനായി നീക്കി വച്ചിട്ടുള്ളതായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഈ നില നാലുവശവും കെട്ടി അടച്ച് ഷട്ടറുകളോട്ടു കൂടി ഗോഡൗണായി ഉപയോഗിക്കുന്നതായി പരിശോധനയിൽ കണ്ടെത്തി.

മേൽ വിഷയങ്ങൾ സംബന്ധിച്ച് 10.01.17 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.3ന് കെട്ടിട നിർമ്മാണം പരിശോധിച്ച് റിപ്പോർട്ട് തന്നിട്ടുള്ള എൽ.ജി.ഡി.സെക്ഷനിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ട് കത്ത് നൽകയിട്ടുണ്ടെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ശ്രീ.ജിജു കെ.സാം എന്ന വ്യക്തിയുടെ കെട്ടിടത്തിനു നമ്പർ ഇട്ടു നൽകുന്നതിൽ എൽ.എസ്.ജി.ഡി. സെക്ഷനും, സെക്രട്ടറിയ്ക്കും വീഴ്ച വന്നിട്ടുള്ളതായി ഫയൽ പരിശോധനയിൽ കണ്ടെത്തി.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ള മേൽ കെട്ടിടം ഉടനടി അനധികൃത നിർമ്മാണങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്. കെട്ടിടം ക്രമവത്കരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കെട്ടിട ഉടമയ്ക്ക് കത്ത് നൽകേണ്ടതും കെട്ടിടം ക്രമവത്കരിക്കപ്പെടുന്നതുവരെ അനധികൃത നിർമ്മാണങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം ഈടാക്കേണ്ടതായ നികുതി ചുമത്തേണ്ടതുമാണ്. കെട്ടിട ഉടമ ക്രമവത്കരണത്തിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നാൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിനു സെക്രട്ടറി നടപടിയെടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിലവിലെ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 2-2 <u>അനധികൃത നിർമ്മാണങ്ങളിൽ നിന്നും കെട്ടിട നികുതി ഈടാക്കിയില്ല. 26709/-രൂപയുടെ നഷ്ടം</u>

ശ്രീമതി. ഷീനാ കോശി, വലിയതാമരശ്ശേരിയിൽ, അഞ്ചൽ എന്ന വ്യക്തി ഒന്നാം വാർഡിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിനെ സെക്രട്ടറി അനധികൃത നിർമ്മാണങ്ങളിൽ ഉൾപ്പെടുത്തി നാളിതുവരെ കെട്ടിട നികുതി ഈടാക്കിയിട്ടില്ല. തൻമൂലം പഞ്ചായത്തിനു വർഷംതോറും 26709/-രൂപയുടെ നഷ്ടം ഉണ്ടാകുന്നു.

ശ്രീമതി. ഷീനാ കോശി തന്റെ വസ്തുവിൽ പുതുതായി പണി കഴിപ്പിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സ് ക്രമവത്കരിക്കുന്നതിനായി 21.01.14 ൽ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ പരിശോധിച്ച അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി. പ്ലാനുകൾ തെറ്റായ രേഖപ്പെടുത്തലുകളോടെ സമർപ്പിച്ചിട്ടുള്ളതതിനാൽ മാറ്റി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു. തുടർന്ന് ശ്രീമതി. ഷീനാ കോശി 11.05.15 ൽ പുതുക്കിയ കംപ്ലീഷൻ പ്ലാൻ പഞ്ചായത്തിൽ സമർപ്പിച്ചു. ഈ പ്ലാൻ പരിശോധിച്ചിരുന്ന അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി. ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം കെട്ടിട

നിർമ്മാണം 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയാണെന്നും, നിർമ്മാണം നടത്തിയിട്ടുള്ളത് സമർപ്പിച്ചിട്ടുള്ള പ്ലാനിൽ നിന്നും വ്യതിചലിച്ചിട്ടാണെന്നും, അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയാണെന്നും 02.05.15 ൽ സെക്രട്ടറിക്ക റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ മേൽ അനധികൃത നിർമ്മാണത്തിനെതിരെ സെക്രട്ടറി നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഓഡിറ്റ് ടീം 10.01.17 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഈ കെട്ടിടത്തിൽ മാസവാടകയിനത്തിൽ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. കെട്ടിടത്തിനു "നിയമാനുസൃതമല്ലാത്ത നിർമ്മാണമാണ്" എന്ന് സൂചിപ്പിക്കുന്ന "യു.എ." നമ്പർ നൽകി കേരള പഞ്ചായത്ത് രാജ് ആക്ട് 235 എ എ വകുപ്പ് പ്രകാരമുള്ള വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്. എന്നാൽ ഈ നടപടിക്രമങ്ങളൊന്നും തന്നെ സെക്രട്ടറി പാലിച്ചിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ കൃത്യനിർവഹണത്തിൽ സെക്രട്ടറിക്ക വീഴ്ച വന്നിട്ടുള്ളതായി ഓഡിറ്റിൽ വിലയിരുത്തുന്നു.

മേൽ കെട്ടിടത്തിൽ നിന്നും ചട്ട പ്രകാരം ഈടാക്കേണ്ട കെട്ടിട നികുതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം | 296.78 m2 |
| നിയമാനുസൃതമായി നിർമ്മിക്കപ്പെട്ടിരുന്നുവെങ്കിൽ ഈടാക്കേണ്ട കെട്ടിട നികുതി(1m2ന് 30 രൂപാ നിരക്കിൽ) | 8903/- (296.78X30) |
| അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതിനാൽ 235 എ എ വകുപ്പ് പ്രകാരം ഈടാക്കേണ്ട കെട്ടിട നികുതി(നിയമാനുസൃതമായി നിർമ്മിക്കപ്പെട്ടിരുന്നുവെങ്കിൽ ഈടാക്കേണ്ട കെട്ടിട നികുതിയും അതിന്റെ ഇരട്ടിയും) | 26709/- (8903X3 |

ഇതു സംബന്ധിച്ച് 12.01.17 ൽ നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം.6 ന് മറുപടിയായി കെട്ടിട നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ തുക ശ്രീമതി. ഷീനാ കോശിയിൽ നിന്നും പിഴ പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 2-3 ലേല നിബന്ധനകൾ പാലിക്കുന്നില്ല - പഞ്ചായത്തിന് നഷ്ടം

അലയമൺ ഗ്രാമ പഞ്ചായത്തിന്റെ 01.04.2014-2015 മുതൽ 31.03.2016 വരെയുള്ള

കാലത്തേക്ക് പഞ്ചായത്ത് മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ എന്നിവയുടെ ലേലനടപടികളിലെ അപകതകൾ ചുവടെചേർക്കുന്നു.

1. 1. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോറിന് വാടക ഒഴിവാക്കി നൽകിയ കാലാവധിക്ക് ശേഷവും വാടക ഈടാക്കാതെ തുടരുന്നു. വാടാക ഒഴിവാക്കിക്കൊണ്ട് കോ ഓർഡിനേഷൻ കമ്മിറ്റിയുടെ ഉത്തരവുണ്ടെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാരാക്കിയില്ല. 8/2015 മുതൽ വാടക ഈടാക്കാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.
2. 27 കടമുറികളുള്ള ചണ്ണപ്പേട്ട ഷോപ്പിംഗ് കോംപ്ലക്സിന്റെ കേവലം 17 മുറികൾ മാത്രമാണ് ലേലം നൽകിയിട്ടുള്ളത്. കരുകോൺ ഷോപ്പിംഗ് കോംപ്ലക്സിന്റെ 19 മുറികളിൽ 5 മുറികൾ ഒഴിവായി കിടക്കുന്നു.
3. മുൻ വർഷങ്ങളിൽ ലേലം കൊണ്ട കടമുറികളിലൊന്നിലേക്കും മുദ്രപത്രത്തിൽ എഗ്രിമെന്റ് ചമച്ചിട്ടില്ല.
4. ലേല നിബന്ധന 4 പ്രകാരം പഞ്ചായത്ത് അന്തിമമായി സ്ഥിരപ്പെടുത്തി അറിയിപ്പുനൽകിയാൽ നിശ്ചിത ദിവസത്തിനുള്ളിൽ ലേലത്തുകയുടെ 5% തുകയ്ക്കുള്ള മുദ്രപത്രത്തിൽ പഞ്ചായത്ത് നിഷ്കർഷിക്കുന്ന വിധത്തിൽ സമ്മത പത്രം എഴുതി നൽകേണ്ടതാണ്. 2015-2016 വർഷത്തിൽ ലേലം നടന്ന താഴെ പറയുന്ന വ്യക്തികളിൽ നിന്നും എഗ്രിമെന്റ് വച്ചിട്ടില്ല.

| ക്രമ നമ്പർ | പേര് | ഈടാക്കേണ്ട തുക |
|---|---|---|
| 1 | ശ്രീ. രാജേന്ദ്രൻ പിള്ള | 500 |
| 2 | ശ്രീ. സജി ബേബി | 500 |

5. 2015-2016 സാമ്പത്തിക വർത്തിൽ നടത്തിയ ലേലങ്ങളിലൊന്നിലും സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.
6. ചണ്ണപ്പേട്ട പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് 2016-2017 സാമ്പത്തിക വർഷത്തേക്ക് മുൻകൂർ നടത്തിയ ലേലത്തിൽ 1,11,000 രൂപയ്ക്ക് ശ്രീ.വിജയൻ, വിശാഖ് ഭവൻ, ലേലത്തിൽ പിടിച്ചു. ഇദ്ദേഹത്തിൽ നിന്നും സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. ഇദ്ദേഹം 40,000/- രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. കുടിശ്ശികയായി 71,000/- രൂപ ഈടാക്കാൻ ബാക്കിനിൽക്കുന്നു.
7. ചണ്ണപ്പേട്ട പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് 2015-2016 സാമ്പത്തിക വർഷത്തിൽ 1,10,500 രൂപയ്ക്ക് ശ്രീ. സുകുമാരൻ, കോണിൽ വീട്, ഉണക്കത്തോട് ലേലത്തിൽ പിടിച്ചു. ലേല നിബന്ധന 1 പ്രകാരം ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ മതിയായ തുകയ്ക്ക് ആസ്തിയുള്ളവരായിരിക്കണമെന്ന് ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും വാങ്ങിയ സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങി

നൽകേണ്ടതാണ്. എന്നാൽ ടിയാളിൽ നിന്നും സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. ഇദ്ദേഹത്തിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിലേക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കുടിശ്ശികയായി 52,500/- രൂപ ഈടാക്കാൻ ബാക്കിനിൽക്കുന്നു.

സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങാതെ ലേലം ഉറപ്പിക്കാത്തതിനാലാണ് ലേലക്കാരനിൽ നിന്നും തുക ഈടാക്കാൻ കഴിയാതെ വന്നതാ ആയതിനാൽ മേൽ 1 വിഭാഗത്തിൽ നഷ്ടം വന്ന തുക 52,500/- രൂപ ഈടാക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2ാം നമ്പർ അപാകതയിൽ വന്ന നഷ്ടം ഈ സാമ്പത്തിക വർഷത്തിൽ ശേഷിച്ച ദിവസങ്ങൾക്കുള്ളിൽ ഈടാക്കേണ്ടതും അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4ാം നമ്പർ വിഭാഗത്തിൽ പറയുന്ന വ്യക്തികളിലുമായി എഗ്രിമെന്റ് ചമയ്ക്കേണ്ടതാണ്. എഗ്രിമെന്റ് ചമയ്ക്കാത്ത പക്ഷം സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം തേടിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അയതിന് വിശദീകരണം നൽകേണ്ടതും ലേല നിബന്ധനകൾ പാലിച്ചുകൊണ്ട് ലേലം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 2-4 പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായി കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ള തീയേറ്ററിനു സെക്രട്ടറി ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന "വർഷ തീയേറ്ററിൽ" പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായ നിർമ്മാണങ്ങൾ നടത്തിയിരിക്കുന്നതായി ഓഡിറ്റ് ടീം നടത്തിയിട്ടുള്ള പ്രാദേശിക പരിശോധനയിൽ കണ്ടെത്തി. ആയതിനെതിരെ യാതൊരു നടപടികളും സ്വീകരിക്കാതെ സെക്രട്ടറി ഈ തീയേറ്ററിന്റെ ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നു.

പഞ്ചായത്തിലെ രേഖകൾ പ്രകാരം മേൽ തീയേറ്ററിനു 2 നിലകളും താഴത്തെ നിലയ്ക്ക് 697 m2 ഉം ഒന്നാം നിലയ്ക്ക് 500 m2 ഉം ഉൾപ്പടെ ആകെ 1197 m2 തറവിസ്തീർണ്ണം ഉള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രാദേശിക പരിശോധനയിൽ ഈ കെട്ടിടത്തിനു 3 നിലകൾ ഉള്ളതായും താഴത്തെ നിലയ്ക്ക് 856 m2 തറവിസ്തീർണ്ണം ഉള്ളതായും അളന്ന് ബോദ്ധ്യപ്പെട്ടു. തീയേറ്റർ പരിശോധനയ്ക്കായി തുറന്നു തരുവാൻ വിസമ്മതിച്ചിട്ടുള്ളതിനാൽ മുകളിലത്തെ നിലകളുടെ തറവിസ്തീർണ്ണം കണക്കാക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ കെട്ടിടത്തിന്റെ പിൻഭാഗത്തായി 82 m2 തറവിസ്തീർണ്ണത്തിൽ മറ്റൊരു കെട്ടിടം കൂടി അനധികൃതമായി നിർമ്മിച്ചിരിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്.

1998 ലെ കേരള സിനിമ റഗുലേഷൻ ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസിംഗ് അതോറിട്ടിയുടെ അനുമതിയില്ലാതെ യാതൊരുവിധ പുനർനിർമ്മാണ പ്രവർത്തനങ്ങളോ, കൂട്ടിച്ചേർക്കലുകളോ നടത്തുവാൻ പാടുള്ളതല്ല. എന്നാൽ ഈ ചട്ടം ഇവിടെ പാലിക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ചട്ടം 11പ്രകാരം തീയേറ്റർ ഉടമ നിലവിൽ ലൈസൻസ് നേടി പ്രവർത്തിച്ച കൊണ്ടിരിക്കുന്ന ഒരു തീയേറ്ററിൽ വരുത്തുവാനുദ്ദേശിക്കുന്ന പുനർനിർമ്മാണ പ്രവർത്തനങ്ങളോ, കൂട്ടിച്ചേർക്കലുകളോ ചട്ടം 4 പ്രകാരമുള്ള നടപടിക്രമങ്ങളിലൂടെ സെക്രട്ടറിയെ അറിയിക്കേണ്ടതും സെക്രട്ടറി ആയത് പരിശോധനയ്ക്കായി എക്സിക്യൂട്ടീവ് എൻജിനീയർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ടൗൺ പ്ലാനർ, ഹെൽത്ത് ഓഫീസർ, ഡിവിഷണൽ ഓഫീസർ ഫയർഫോഴ്സ് എന്നിവരുടെ പരിശോധനയ്ക്കായി അയച്ചു നൽകേണ്ടതുമാണ്.മേൽ വിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന അനുമതി പത്രത്തിന്റെ

അടിസ്ഥാനത്തിൽ മാത്രമേ തുടർന്ന് ലൈസൻസ് പുതുക്കി നൽകുവാൻ പാടുള്ളു. എന്നാൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുള്ള "വർഷ തീയേറ്ററിനു" സെക്രട്ടറി മേൽ നടപടിക്രമങ്ങൾ പാലിക്കാതെ 2015-16 ൽ ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം.10( തീ.12/01/17) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളോ കേരള സിനിമ റഗുലേഷൻ ചട്ടങ്ങളോ പാലിക്കാതെ പ്രവർത്തിക്കുന്ന വർഷ തീയേറ്ററിനു ലൈസൻസ് പുതുക്കി നൽകിയതുവഴി സെക്രട്ടറി ഗുരുതരമായ കൃത്യവിലോപം നടത്തിയിരിക്കുന്നതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ചട്ടങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന മേൽ തീയേറ്ററിന്റെ ലൈസൻസ് ഉടനടി റദ്ദ് ചെയ്യേണ്ടതും ക്രമവത്കരിക്കുന്നതിനായി നോട്ടീസ് നൽകേണ്ടതുമാണ്.അല്ലാത്തപക്ഷം നിലവിലെ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവുവിളക്കു മെയിന്റനൻസ്- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ- ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം.162/16 (തെരുവുവിളക്കുകൾ മെയിന്റനൻസ് ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ) പ്രകാരം വൈദ്യുതോപകരണങ്ങൾ വാങ്ങിയതിന് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന് താഴെ പറയും പ്രകാരം 4,59,199/-രൂപ നൽകിയിട്ടുണ്ട്;

ബിൽ നം. തുക

13/15-16/

29.12.2015 1,36,109

18/15-16/

25.1.2016 19,360

26/15-16/

29.3.2016 3,03,730

ആകെ: 4,59,199/-

ടി പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു;

1. പ്രസ്തുത വൈദ്യുതോപകരണങ്ങളെല്ലാം സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും അവയിൽ ഭൂരിഭാഗം രേഖപ്പെടുത്തലുകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം കാണിച്ചിട്ടുണ്ടെങ്കിലും അവ ദിവസ വേതനത്തിൽ നിയമിതരായ ലൈൻമാൻമാർ കൈപ്പറ്റിയതിന് രേഖകളില്ല.
3. പ്രസ്തുത ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച് വാർഡംഗങ്ങളുടെ സാക്ഷ്യപ്പെടുത്തലില്ല.
4. കംപ്ലയിന്റ് രജിസ്റ്റർ, കേടായ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/9.1.2017-ന് ലഭിച്ച

മറുപടി തൃപ്തികരമല്ല. അതുകൊണ്ട് 4,59,199/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 <u>കരുകോൺ പി.എച്ച്.സി.മെയിന്റനൻസ് -വാൾ ടൈലിംഗ് നടത്തിയത് പൊളിഞ്ഞു വീണു - 19,105/-രൂപയുടെ നഷ്ടം.</u>

2. പ്രോജക്ട് നം. : 118/16(സ്പിൽ ഓവർ)
3. എസ്റ്റിമേറ്റ് : 1,52,717/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)
4. ചെലവ് : 1,52,717/-രൂപ

ബിൽ നം. : 18/15-16/31.7.2015.

എം.ബുക്ക് നം. :45/14-15.

കൺവീനർ :ശ്രീ ലാലു

1. 1. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വണോദ്യോഗസ്ഥനായി ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ കരുകോൺ പി.എച്ച്. സി. മെയിന്റനൻസ് പ്രവൃത്തിയുടെ 6-)ം ഇനം Dadoing walls with glazed tiles 7.5mm thick, 118 സ്ക്വയർ മീറ്റർ ചെയ്തതിന് സ്ക്വയർ മീറ്ററിന് 1231/- രൂപ നിരക്കിൽ 1,45,258/-രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. ഇതിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ മുറി 15.52 സ്ക്വയർ മീറ്റർ ചെയ്തത് സ്ഥലപരിശോധന നടത്തിയപ്പോൾ പല ഭാഗങ്ങളും പൊളിഞ്ഞുകിടക്കുന്നതായിക്കണ്ടു. ബാക്കിഭാഗങ്ങൾ ഏതു നിമിഷവും ഇളകിവീഴാവുന്ന അവസ്ഥയിൽ ഗുണനിലവാരമില്ലാതെയാണ് നിർമ്മിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അതായത് ഹെൽത്ത് ഇൻസ്പെക്ടറുടെ മുറിയിൽ 15.52 സ്ക്വയർ മീറ്റർ വാൾ ടൈലിംഗ് നടത്തിയത് പുനർനിർമ്മിക്കേണ്ട അവസ്ഥയിൽ ആണ്.അതുകൊണ്ട് പ്രസ്തുത പ്രവൃത്തി ചെയ്തതിന് കൺവീനർക്ക് നൽകിയ 19,105/-(15.52*1231)രൂപ നിരാകരിക്കുന്നു. ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

5.

## 3-3 <u>ആയുർവേദ ആശുപത്രി മെയിന്റനൻസ് -അറ്റകുറ്റപ്പണി നടത്തിയ ഭാഗം ഉപയോഗശൂന്യമായി കിടക്കുന്നു.</u>

പ്രോജക്റ്റ് നം. :121/16(സ്പിൽ ഓവർ)

എസ്റ്റിമേറ്റ് : 5,00,000/-(മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)

തൻവർഷം ചെലവ് : 1,65,028/-(ബിൽ നം.16/15-16/31.7.2015)

ആകെ ചെലവ് : 4,94,000/-രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വണോദ്യോഗസ്ഥനായി ഗുണഭോക്തൃസമിതിമുഖേന ചെയ്ത പ്രോജക്റ്റ് പ്രകാരം ആയുർവേദാശുപത്രിയുടെ നിലവിലുള്ള കെട്ടിടത്തിന്റെ മുകൾ ഭാഗം GI trafford sheet ഉപയോഗിച്ച് റൂഫിംഗ് നടത്തിയും വശങ്ങൾ അലൂമിനിയം ഫാബ്രിക്കേഷൻ

നടത്തി ഗ്രില്ലിട്ടും ഒരു ഹാളാക്കി മാറ്റിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഹാൾ യാതൊരുപയോഗവുമില്ലാതെ കിടക്കുന്നതായാണ് സ്ഥലപരിശോധനയിൽ കണ്ടത്. ഇത്തരത്തിൽ ഒരു ഹാൾ നിർമ്മിച്ചതിന്റെ ഉദ്ദേശ്യം ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പദ്ധതിപ്പണം ലക്ഷ്യബോധമില്ലാതെ ചെലവഴിച്ച സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 3-4 പഞ്ചായത്തോഫീസിലെ കമ്പ്യൂട്ടറുകൾക്ക് എ.എം.സി. നൽകൽ- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. 1. 1. പ്രോജക്റ്റ് നം. :14/16

എസ്റ്റിമേറ്റ് : 50,000/-(വികസന ഫണ്ട്)

ചെലവ് : 49,504/-രൂപ

ബിൽ നം. : 21/15-16/18.2.2016.

സെക്രട്ടറി നിർവ്വണോദ്യോഗസ്ഥനായ ടി പ്രോജക്റ്റ് പ്രകാരം ഒരു സർവ്വർ , 6കമ്പ്യൂട്ടറുകൾ, 4 പ്രിന്ററുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് 11.12.2015 മുതൽ 10.12.2016 വരെയുള്ള കാലയളവിലെ എ.എം.സി.യ്ക്കായി 49,504/- രൂപ കെൽട്രോണിന് നൽകി.എന്നാൽ പഞ്ചായത്തോഫീസിൽ ഉപയോഗത്തിലുള്ള കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിശദാംശം കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എ.എം.സി. നൽകിയിട്ടുള്ള പ്രസ്തുത ഉപകരണങ്ങളുടെ വാറണ്ടി കാലയളവ് പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല.വാറണ്ടി കാലയളവ് കഴിഞ്ഞ ഉപകരണങ്ങൾക്കാണ് എ.എം.സി.നൽകിയിട്ടുള്ളതെന്ന് ഉറപ്പുവരുത്താൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയുംവിശദാംശം കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-5 കന്നുകുട്ടി പരിപാലന പദ്ധതി(വനിത)- -വിനിയോഗവിവരം ലഭ്യമാക്കിയില്ല.തുക തടസ്സപ്പെടുത്തുന്നു.612500/-

കന്നുകുട്ടി പരിപാലന പദ്ധതി (വനിത)പദ്ധതിക്കായി (നം.19/16) കാഫ് ഫീഡ് സബ്സിഡി സ്കീം അസി.ഡയറക്ടർക്ക് താഴെ പറയും പ്രകാരം വികസന ഫണ്ട് പിൻവലിച്ച് നല്കി.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക | ഡിഡി നമ്പർ/ തീ |
|---|---|---|---|---|
| 1 | 19/16 | 3/15-16/27.1.16 | 312500 | 458948/19.3.16 |
| 2 | “ | 6/15-16/17.2.16 | 100000 | 457837/18.2.16 |

| | | | | |
|---|---|---|---|---|
| 3 | “ | 7/15-16/31.3.16 | 200000 | 460338/13.4.2016 |
| | | ആകെ | 612500 | |

എന്നാൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ,ഇൻഷ്വറൻസ്,തീറ്റ വിതരണം മുതലായ വിവരങ്ങളും ,ഫണ്ടിന്റെ വിനിയോഗ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി 8/12.1.17 പര്കാരം ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.ആയതിനാൽ ഈയിനത്തിൽ നല്കിയ തുക 612500/--രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 മീഡിയാശ്രീ--ഡോക്യുമെന്ററി തയ്യാറാക്കിയില്ല-65000 /-രൂപാ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മീഡിയാശ്രീ പ്രോജക്ടിനായി ഡിഡി നം 559794/14.1.2016പര്കാരം തനത് ഫണ്ടിൽ നിന്നും 65000 /-രൂപാ പിൻവലിച്ച് ഗ്രാമപഞ്ചായത്തിന്റെ വീഡിയോഡോക്യുമെന്ററി നിർമ്മിക്കുന്നതിലേയ്ക്ക് കുടുംബശ്രീമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയെങ്കിലും നാളിതുവരെ വീഡിയോഡോക്യുമെന്ററി തയ്യാറാക്കിയിട്ടില്ല.

20-03-15 ലെ സ.ഉ(സാധാ)നം. 813/15/2015തസ്വഭവ ഉത്തരവ് പ്രകാരം പദ്ധതിക്കുള്ള തുക ലഭിച്ച് കഴിഞ്ഞാൽ 60 ദിവസത്തിനകം ഗ്രാമപഞ്ചായത്തിനെക്കുറിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കി 10 പകർപ്പുകൾ നല്കേണ്ടതാണ്. എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായുള്ള വീഡിയോഡോക്യുമെന്ററികൾ തയ്യാറാക്കുന്നതിലേയ്ക്ക് നൽകിയ 65000/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മാർഗനിർദേശങ്ങൾക്കനുസൃതമായി തയ്യാറാക്കിയ ഡോക്യുമെന്ററികൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-7 പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

താഴെ പറയുന്ന പ്രകാരം വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി വികസന ഫണ്ടിൽനിന്നും പഞ്ചായത്ത് വിഹിതം നല്കിയതിന് വിനിയോഗക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല;

| ക്രമ നം. | പ്രോജക്റ്റ്നം./പേര് | നൽകിയ തുക | കൈപ്പറ്റിയ സ്ഥാപനം | ബിൽ നം. |
|---|---|---|---|---|
| (1) | 3/2016-IAY വിഹിതം(ജനറൽ) | 5,52,500 | അഞ്ചൽബ്ലോക്ക് പഞ്ചായത്ത് | 11/15-16 /29.12.2015 |

| | | | | |
|---|---|---|---|---|
| (2) | 4/2016-IAY വിഹിതം(SC) | 4,55,000 | -ടി- | 14/15-16 /30.12.15 |
| (3) | 1/16-SSA വിഹിതം | 7,00,000 | SSA ജില്ലാ പ്രോജക്റ്റ് ഓഫീസ്,കൊല്ലം | 17/15-16 /25.1.16 |
| (4) | 13/16-ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം | 1,00,000 | ജില്ലാ പ്ലാനിംഗ് ഓഫീസ്,കൊല്ലം | 19/15-16 /25.1.16 |
| | ആകെ | 18,07,500 | | |

വിനിയോഗക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 18,07,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-8** കാൻസർ ഹൃദ്രോഗ നിർണ്ണയ ക്യാമ്പ് - പദ്ധതി മാർഗ്ഗ രേഖകൾക്ക് വിരുദ്ധമായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി നമ്പർ എസ്.0011/2016 കാൻസർ-ഹൃദ്രോഗ പരിശോധനാ പദ്ധതിയുടെ നിർവ്വഹണത്തിലാണ് പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചത്.

| | |
|---|---|
| ഫണ്ട് | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 1,00,000/- |
| ചെലവ് | 1,00,000/- |
| ബിൽ നമ്പർ, തീയതി | സി.ബി.02/2016<br>25.06.2016 |

സ.ഉ.(എം.എസ്.)362/13/ത.സ്വ.ഭ.വ. 16.11.2013 ഖ:7.7 ഉൽപ്പാദന പരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, മേളകൾ, ഉൽസവങ്ങൾ, സെമിനാറുകൾ, സമ്മേളനങ്ങൾ തുടങ്ങിയവ ത.സ്വ.ഭ.വ. സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ

പാടില്ല എന്നിരിക്കെ ആനക്കുളം- മെത്രാൻ തോട്ടം നിവാസികൾക്കായി ഹൃദ്രോഗ നിർണ്ണയ ക്യാമ്പ് നടത്തിയിരിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയിറി നമ്പർ 04/11.01.2016 ന് നൽകിയ മറുപടിയിൽ പട്ടിക വർഗ്ഗക്കാർതാമസിക്കുന്ന ഉൾപ്രദേശങ്ങളിൽ ആണ് ക്യാമ്പ് സംഘടിപ്പിച്ചത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത ക്യാമ്പിൽ പങ്കെടുത്തവരുടെ ലിസ്റ്റോ പട്ടിക വർഗ്ഗക്കാരാണ് പങ്കെടുത്തതെന്നോ തുടർ നടപടികളുടെയോ രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. രേഖകൾ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. കൂടാതെ അത്തരം ക്യാമ്പുകൾക്കായുള്ള സർക്കാർ അനുമതിയോടുകൂടിയല്ല ക്യാമ്പ് സങ്കടിപ്പിച്ചിരിക്കുന്നത്. 12-ാം പഞ്ചവൽസരപദ്ധതി – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗരേഖ ജി.ഒ.(എം.എസ്.)225/12/ ത.സ്വ.ഭ.വ. 18.08.2012 ഖ:11.13 (v) അനുസരിച്ച് ആസൂത്രണമാർഗരേഖയും സാങ്കേതിക മാർഗരേഖയും പ്രകാരമാണ് പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം നിർവ്വഹണോദ്യോഗസ്ഥനാണ്. രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച തുക 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

2001-2002 വർഷത്തെ എൽ.എഫ്.ക്യൂ/പി.4-119/05 തീയതി 31/08/2005 നമ്പർ ഓഡിറ്റ് റിപ്പോർട്ടിലെ 3.17, 3.18 എന്നിവ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 33291653 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46529232 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 79209 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 478304 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2585000 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 26709 | | ശ്രീ.എം.രാജു,സെക്രട്ടറി |
| 2-3 | 52500 | | ശ്രീ.എം.രാജു,സെക്രട്ടറി |
| 3-1 | | 459199 | ശ്രീ.എം.രാജു,സെക്രട്ടറി |
| 3-2 | | 19105 | ശ്രീ.അനീഷ്,അസിസ്റ്റന്റ് എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 612500 | ഡോ.സാടിയ വാഷിംഗ്ടൺ,വെറ്ററിനറി സർജൻ |
| 3-6 | 65000 | എൻ.ദേവരാജൻ,അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 3-7 | 1807500 | ശ്രീ.എം.രാജു,സെക്രട്ടറി |
| 3-8 | 100000 | ഡോ.രാധാകൃഷ്ണ പിള്ള, മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.രാജു,സെക്രട്ടറി | സെക്രട്ടറി, തെന്മല ഗ്രാമപഞ്ചായത്ത് | ന്യൂ ഗാർഡൻ, പൊടിയാറ്റുവിള, വാളകം |
| ശ്രീ.അനീഷ്,അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, അലയമൺ ഗ്രാമപഞ്ചായത്ത് | അഭിലാഷ് ഭവൻ, ഇളമാട്, കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1994-95 | എൽ.എഫ്.ക്യൂ/പി4-463/00 തീയതി 09/05/2000 | |
| 1996-97 | എൽ.എഫ്.ക്യൂ/പി-314(7)/064 തീയതി18/05/06 | |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.ക്യൂ/ പി4-1040/04<br>തീയതി 11/05/05 | |
| 1998-99 | എൽ.എഫ്.ക്യൂ/<br>പി4- 314(5)/06 തീയതിv18/05/06 | |
| 1999-00 | എൽ.എഫ്.ക്യൂ/ പി4- 314(6)/06 തീയതി 18/05/06 | |
| 2000-01 | എൽ.എഫ്.ക്യൂ/ പി4- 1321/2014 തീയതി 19/06/16 | |
| 2001-02 | എൽ.എഫ്.ക്യൂ/ പി4- 122/05 തീയതി<br>31/08/05/<br>28/03.2007 | |
| 2002-03 | എൽ.എഫ്.ക്യൂ/ പി4- 189/08 തീയതി<br>30/08/08 | |
| 2003-04 | എൽ.എഫ്.ക്യൂ/ പി4- 1325/11 തീയതി<br>29/12/11 | |
| 2004-05 | എൽ.എഫ്.ക്യൂ/ പി4-1259/10<br>തീയതി 07/04/11 | |
| 2005-06 | എൽ.എഫ്.ക്യൂ/ പി4- 1321/14തീയതി<br>19/06/14 | |
| 2006-07 | എൽ.എഫ്.ക്യൂ/ പി4- 1324/11<br>തീയതി 12/09/2011 | |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.ക്യൂ/ പി4- 190/12തീയതി 23/06/2012 | |
| 2008-09 | എൽ.എഫ്.ക്യൂ/ പി4- 1001/2012 തീയതി 29/09/2012 | |
| 2009-10 & 2010-11 | എൽ.എഫ്.ക്യൂ/ പി4- 1056/2012 തീയതി 16/08/2012 | |
| 2011-12 & 2012-13 | എൽ.എഫ്.ക്യൂ/ പി4- 1056/2012 തീയതി 16/08/2012 | |
| 2013-14 & 2014-15 | നം.കെ.എസ്.എ-കെ.എൽ.എം-പി.4 / 1132 / 2016. തീ.21/07/16 | |

## 4-10

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ എസ് എ-കെ എൽ എം പി4/309/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി -14-02-2017

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

താഴെ പറയുന്ന ന്യൂനതകൾ ഒഴിച്ച് നിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക അലയമൺ ഗ്രാമ പഞ്ചായത്തിന്റെ 2015-16-ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12 ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

1.ആസ്തികളുടെ മൂല്യം കണക്കാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

2.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റ് വരവ്, ഡെപ്പോസിറ്റ് തിരികെ നൽകൽ വർഷാവസാനമുള്ള ഡെപ്പോസിറ്റ് നീക്കി ബാക്കി എന്നിവയുൾപ്പെടുത്തി സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

3.സ്റ്റോക്കിൻെറ മൂല്യം ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

5.വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ വാർഡ് അടിസ്ഥാനത്തിലുള്ള തൻവർഷത്തിലെ നികുതി ഡിമാന്റ് വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

6.സംയോജിത പ്രോജക്ടുകൾക്ക് മറ്റ് തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി.മുഖേനയാണ്. ആയതിനാൽ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

7.മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് - പിരിച്ചെടുക്കാൻ ശേഷിക്കുന്ന തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

8.ഡി&ഒ, തൊഴിൽ നികുതി(ട്രേഡേഴ്സ്) എന്നിവയുടെ 2016-17 വർഷത്തേക്കുള്ള മുൻകൂർ തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.